[Mr. President]

'The matter raised by the motion must be a single specific matter and not couched in general terms covering a great number of cases and the matter must be of recent occurrence and raised without delay. (May's Parliamentary Practice, 1946 Edition, pp. 344—5.)

ഈ രൂപം വച്ചു നോക്കിയാൽ മി. കണ്ണാറ ഗോപാലപ്പണിക്കരുടെ ഈ അടിയന്തിരപ്രമേയം അനുവദിക്കാൻ നിവൃത്തിയില്ല. അതു കൊണ്ടു് അനുവാദം ഞാൻ നിരസിച്ചിരിക്കുന്നു.

രണ്ടാമത്തെ അടിയന്തിരപ്രമേയവും മി. ഗോപാലപ്പണിക്കരുടേതാണു്. അതു് ഇപ്രകാരമാണു്.

"I beg leave to move that the business of the house be adjourned for the purpose of discussing a definite matter of urgent public importance, *viz.*, the serious situation brought about in recent times by the numerous deaths due to bus accidents in Travancore."

ഈ പ്രമേയവും അടുത്തത്തെ പ്രമേയം തള്ളിയ കാരണം വച്ചു കൊണ്ടുതന്നെ തള്ളാവുന്നതാണു്. വ്യക്തിതമായ ഒരു സംഗതിയെക്കുറിച്ചല്ലാ ഈ പ്രമേയം. അങ്ങിനെയുള്ള യാതൊരു വിവരണങ്ങളും ഈ പ്രമേയത്തിൽ കാണുന്നില്ല. ആ കാരണം വച്ചുകൊണ്ടു്, അത്യാവശ്യമായ ഒരു ക്ലിപ്തമായ കാര്യത്തെ സംബന്ധിച്ചല്ലായ്മയുകൊണ്ടു് ഇതും നിരസിക്കേണ്ടിയിരിക്കുന്നു.

MR. K. P. NILAKANTA PILLAI (*Chirayankil V—General*): എനിക്കു് ഒരു പായിൻറ് ഓഫ് ഓർഡർ ഉണ്ടു്. അതു് ഒരു മെമ്പർക്കു് ഒരു ദിവസം ഒന്നിലധികം അടിയന്തിരപ്രമേയം അവതരിപ്പിക്കാമോ എന്നാണു്.

MR. PRESIDENT : അവതരിപ്പിക്കാം.

മൂന്നാമത്തെ അടിയന്തിരപ്രമേയവും മി. കണ്ണാറ ഗോപാലപ്പണിക്കരുടേതാണു്.

"I beg leave to move that the business of the house be adjourned for the purpose of disscussing a definite matter of urgent public importance viz., the serious situation that has arisen out of the recent fixation by Government of the selling price of paddy in the state at the rate of Rs. 3 per para".

ഈ പ്രമേയം ഓർഡറിൽ ആണെന്നു് താൻ തീരുമാനിക്കുന്നു. എന്നാൽ രൂപം അനുസരിച്ചു് ഈ പ്രമേയം അവതരിപ്പിക്കുന്നതിനു ഈ സഭ അനുവദിക്കുന്നുണ്ടോ എന്നു അറിയേണ്ടതായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly